എമ്മാവൂസ്
# വചനദൂത്
Vol. 8 | Issue 51

നോമ്പുകാലം ഏഴാം ഞായർ



## ഓശാന ഞായർ

ഉൽപത്തി 49:8-12, 22 -26 | സഖറിയ 9:9-12 | റോമ 11:13-24 | മത്തായി 21:1-17

ആണ്ടുവട്ടത്തെ 52 ആഴ്ചകളിൽ ഒരാഴ്ച വിശുദ്ധവാരമാണ്. വലിയ ആഴ്ചയെന്നും ഇതിനെ വിളിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഒരു മനുഷ്യന്റെ ജീവിതത്തിലെ എല്ലാം സംഭവങ്ങളും ഒത്തുകൂടുന്ന ഒരു ആഴ്ച. കുരുത്തോല കൈകളിലെടുത്ത് ഓശാന പാടിയവർ പിന്നെ കല്ലുകൾ എടുത്ത് അവനെ ക്രൂശിക്കുക എന്ന് ആക്രോശിക്കുന്ന ചില അപൂർവ്വ രംഗങ്ങൾ.

യഹൂദരുടെ ദേശീയതയുടെയും ആദ്ധ്യാത്മികതയുടെയും എല്ലാം കേന്ദ്രമായിരുന്ന ജറുസേലമിലേയ്ക്കുള്ള യേശുവിന്റെ രാജകീയ യാത്രയാരംഭിക്കുന്നത്, നാഥാ ഞങ്ങളെ രക്ഷിക്കണമേ എന്ന പ്രാർത്ഥനയോടെയാണ്. കാരണം ക്രിസ്തു അവർ പ്രതിക്ഷിച്ചിരുന്ന ഒരു രാജാവായിരുന്നു. തങ്ങളെ രക്ഷിക്കാൻ ആഗതനാകുന്ന ഒരു നേതാവ്. പക്ഷേ പ്രതീക്ഷകളെയും, സ്വപ്നങ്ങളെയും തകിടം മറിച്ചുകൊണ്ട് അവൻ ആഗതനായത് ഒരുസാമാധാനപ്രിയനായിട്ടാണ്.

ഓശാന മൂന്നു ചിന്തകൾ നൽകുന്നു.

### 1. കുരുത്തോലകൾ തന്നെയാണ് കുരിശോലകൾ

കുരുത്തോലകൾ കൈകളിലേന്തി അവർ ആർപ്പുവിളിച്ചു.......രാജാധിരാജന് ഓശാന.... കർത്താവിന്റെ നാമത്തിൽ വന്നവൻ അനുഗ്രഹീതൻ. റോമൻ ആധിപത്യത്തിന്റെ അരക്ഷിതാവസ്ഥയിൽ കഴിഞ്ഞിരുന്ന യഹൂദജനം യേശുവിനെ കണ്ടത് ഒരു നേതാവായിട്ടാണ്. അതുകൊണ്ട് തന്നെ അവരുടെ സ്വരവും, കരവും ആരവങ്ങളായി. വസ്ത്രം വിരിച്ചപ്പോഴും, മരച്ചില്ലകൾ വീശിയപ്പോഴും അവർ പ്രതീക്ഷിച്ചിരുന്നത് ഒരു നേതാവിനെയാണ്. മാനത്തെ അമ്പിളിമാമനെ വേണമെന്ന് പറഞ്ഞാൽ പോലും പിടിച്ചുനൽകുവാൻ സന്നദ്ധതയുള്ള ഒരു ദിവസം. എന്നാൽ യേശു നോക്കിയത് ഓശാനഗീതികളിലേക്ക് അല്ല, മറിച്ച് ഓശാനയുടെ അർത്ഥധ്വനികളിലേക്കാണ്. 'നാഥാ ഞങ്ങളെ രക്ഷിക്കണേ' എന്ന അവരുടെ ഹൃദയത്തിന്റെ നൊമ്പരങ്ങളിലേക്ക്.... മനുജന്റെ നിലവിളിയിൽ യേശു മൗനിയാകില്ല എന്നത് സ്പഷ്ടം. ജീവിതത്തിൽ കുറെ ഓശാനകൾ ആഗ്രഹിക്കുന്നവരാണ് നമ്മൾ. എന്നാൽ ഓശാന കുരുത്തോലകളാണ് പീന്നിട് കുരിശോലകളായി പെസഹാ അപ്പത്തിൽ മുദ്രണം ചെയ്യപ്പെടുന്നതും നമ്മൾ ഭക്ഷിക്കുന്നതും, പീന്നിട് വിഭൂതിയിൽ ചാരമായി നെറ്റിയിൽ ചാർത്തപ്പെടുന്നതും. അതുകൊണ്ട് ജീവിതത്തിലെ സന്തോഷങ്ങളും, ഉന്നതികളും, നേട്ടങ്ങളും ശാശ്വതമല്ല എന്ന് തിരിച്ചറിയാം.

### 2. കുതിച്ചുച്ചാട്ടങ്ങളുടെ കുതിരയല്ല, മറിച്ച് ശാന്തനായ കഴുതയാകുക

'കഴുത'എന്ന് വിളിച്ചാൽ പിന്നെ പരിഭവമായി, പരാതിയായി, ശത്രുതയായി. പക്ഷേ, പാലസ്തീനായിലെ പാരമ്പര്യമനുസരിച്ച് കഴുത ഒരു ബഹുമാന്യമൃഗമായിരുന്നു. രാജാക്കൻമാർ യുദ്ധത്തിന് പോകുക കുതിരപ്പുറത്തും, സമാധാനദൗത്യത്തിനായി പോകുക കഴുതപ്പുറത്തുമാണ്. ജീവിതത്തിൽ ചിലപ്പോഴെങ്കിലും 'കഴുത'യോളം നീ താഴ്ത്തപ്പെട്ടിട്ടുങ്കിൽ അതിന് അർത്ഥം നീ ക്രിസ്തുവിനെ സംവഹിക്കാൻ പാകമായി എന്നതാണ്. കാരണം 'എനിക്ക് അതിനെകൊണ്ട് ആവശ്യമുണ്ട് എന്നുള്ള ക്രിസ്തുവിന്റെ മന്ത്രണം ഇന്ന് നിന്നെ നോക്കിയല്ല, എളിമപ്പെടുന്നവരെ നോക്കിയാണ്. സഹനങ്ങൾ കുരിശുകളാക്കാതെ, അതിനെ എന്റെയും നിന്റെയും മനോഭാവങ്ങളെ എളിമപ്പെടുത്താനുള്ള മാർഗമാക്കുക.

---

**ജീവിതത്തിൽ ചിലപ്പോഴെങ്കിലും 'കഴുത'യോളം നീ താഴ്ത്തപ്പെട്ടിട്ടുങ്കിൽ അതിന് അർത്ഥം നീ ക്രിസ്തുവിനെ സംവഹിക്കാൻ പാകമായി എന്നതാണ്.**

---

### 3. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ദേവാലയമാകുക/ യഥാർത്ഥ ആരാധനയാകുക

ദേവലായം അത് എല്ലാവരെയും ഉൾക്കൊള്ളുന്ന ആലയമാണ്. അവിടെ ധനികനെന്നോ, പാമരനെന്നോ, പണ്ഡിതനെന്നോ, കുലീനനെന്നോ ഒന്നും തരംതിരിവില്ല. ആ ബലിക്കല്ലിന് ചുറ്റും എല്ലാവരും തുല്യരാണ്. നല്ല സമരിയാക്കാരന്റെ ഉപമയിൽ യേശു പ്രശംസിക്കുക ബലിയർപ്പിക്കുവാൻ തിടുക്കം കൂട്ടിപ്പോയ പുരോഹിതനെയല്ല മറിച്ച് സഹജന്റെ മേൽ കണ്ണുകൾ തുറന്ന്, അവന്റെ മേൽ കാരുണ്യം കാട്ടിയ സമരിയായന്റെ മേലാണ്. അതുകൊണ്ട് സ്വാർത്ഥലാഭം നോക്കി ജീവിക്കുന്ന ചില മനോഭാവങ്ങൾ നമ്മുക്ക് മാറ്റിവച്ച് സഹോദര്യത്തിന് വില കല്പിക്കാം. കാരണം, ദേവാലയം എന്നാൽ മനുഷ്യനും ദൈവവും സന്ധിക്കുന്ന ഇടമാണ്. എങ്കിൽ, ഇനി നിന്റെ ഹൃദയം ദേവലയം ആകട്ടെ. മനസ്സ് ശ്രീകോവിലാകട്ടെ .... ജീവിതം ബലിവേദിയാകട്ടെ.

കുരുത്തോലകൾ കൈകളിലേന്തി ജീവിതത്തിൽ ഉള്ളതും, ഉള്ളവയും ഉണ്മയും അവനായി അർപ്പിച്ച് നമുക്കും പാടാം.. 'രാജാധിരാജന് ഓശാന'

---

*Homily Prepared by*
Dn. Chackochan Vadakkethalackal
Sanathana Seminary, Thamarassery
Kozhikode